# വൈകിയോടുന്ന വണ്ടി

വൈകിയോടുന്ന വണ്ടിതൻ രോദനം
വൈകിയെത്തുവോർക്കേകുന്നു സാന്ത്വനം.
കൈപ്പിടിയിലെരിയും കിനാക്കളീ
വൈകിയോടും ശകടത്തിനിന്ധനം.
'എത്ര നാഴിക മുന്നിലാവോ സ്വർഗ-
സത്ര'മെന്നുരപ്പൂ നെടുവീർപ്പുകൾ..
നട്ടുനീർപാർന്ന സ്വപ്ന ശിഖിരമിൽ
കെട്ടുവാടുന്നു മോഹനത്തളിരുകൾ...
സാർഥവാഹകരെൻ സഹയാത്രികർ
സാഹസപ്പെട്ടു കാടും കടൽ കട-
ന്നോടിയക്കരെ പറ്റിക്കിതപ്പാറ്റി
കോടിമാറ്റിത്തളർന്നുറങ്ങീടവെ,
വൈകിയോടുന്ന വണ്ടിയിന്നും നൂറു-
കൈപ്പിഴ നെടുവീർപ്പിലടക്കി വെ-
ച്ചിക്കവലയിൽ കാലുടക്കീ, മരു-
പ്പച്ച കണ്ണിൽ തിമിരമേറ്റുന്നുവോ?
വൈകിയോടുന്ന ജീവിതം; ജീവനും
വൈകിടാതെ തളർന്നുവീഴും; ജനം
വെട്ടുമാറടി മണ്ണിൽ ജഡം വീണു
കെട്ടുനാറും, കെടും സ്വപ്നജ്വാലകൾ..
എങ്കിലും വൈകിയെത്തുവോർക്കത്താണി
എങ്ങുനിന്നോ മുരളുമീ വാഹനം
മുങ്ങുമീ മരണക്കയത്തിൽ കരം
തങ്ങുമീ പുൽത്തുരുമ്പിലേ ജീവിതം!
ഇത്തിരി തണൽ തെണ്ടും വഴിപോക്ക-
രെത്രയിങ്ങു കാത്തിരിപ്പൂ, വണ്ടി,
ചക്രവേഗമേറ്റുന്നു ഞാൻ, സ്വപ്നങ്ങൾ
ചുട്ടെരിച്ചാവിയന്ത്രമോട്ടുന്നു ഞാൻ.

**ഹബീബ് പെരുമ്പടപ്പ്**

# 'കൗണ്ടർ ഫോയിൽ'

മൂല്യമേറ്റിയും
ചിലതേറേ-
കുറഞ്ഞുമെത്ര
രസീതുകൾ
പറിച്ചെടുത്തു-
ജീവിതം!
ക്രയവിക്രയങ്ങൾ
കുറിച്ചുവെക്ക-
പ്പെടുമീ-
'കൗണ്ടർ ഫോയിലി'ൻ
ശരിക്കണക്കുകൾ
പൊടിതട്ടിപ്പരതിയും
കീറിപ്പറിഞ്ഞവയി-
ലുള്ളം
നീറിപ്പുകഞ്ഞും
ഓർമത്താളുകൾ
തിരിച്ചും മറിച്ചും
നോക്കവേ,
കനത്ത പിരിവി-
നുടമയായി
പെരുത്ത സമ്മാനം
നേടുമോയെൻ
കൗണ്ടർ ഫോയിലു-
മതിലിനിയും
ശേഷിപ്പുണ്ടേൽ
'ശിഷ്ട' ജീവിത-
ച്ചീന്തുകളും.........!

**മുഹമ്മദ് കുട്ടി ഇരിമ്പിളിയം**

<u>രണ്ടു കഥകൾ</u>

## നല്ല കവിത

നല്ല മനസ്സാണ് ഏറ്റവും നല്ല കവിതയെന്ന് വിധികർത്താവ് വിധിച്ചപ്പോഴാണ് അയാൾ ഒരു തിരിച്ചറിവെന്നോണം മത്സരത്തിൽനിന്നും മാറിനിന്നത്.

## തിരിച്ചറിവ്

നടുറോഡിൽ വാഹനമിടിച്ച് ചോരയിൽ കുളിച്ച് കിടക്കുന്ന ജീവനിലേക്ക് അയാൾ എത്തിനോക്കി. തന്റെ പാർട്ടിയിൽപെട്ട ആളല്ലെന്ന് ഉറപ്പുവരുത്തിയ ശേഷം അയാൾ തിരിഞ്ഞു നടക്കാൻ ഭാവിച്ചു. ഒന്നുകൂടി സൂക്ഷിച്ചുനോക്കിയ പ്പോഴാണ് ഞെട്ടിക്കുന്ന ആ വസ്തുത അയാൾ തിരിച്ചറിഞ്ഞത്. ആ കിടന്ന് പിടയുന്ന വികൃത രൂപം ഞാൻ തന്നെയാണല്ലോ. അയാൾ ബോധരഹിതനായി നിലം പതിച്ചു.

**അശ്റഫ് കല്ലോട്**